ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,
മങ്കട, രാമപുരം പി.ഒ, മലപ്പുറം ജില്ല - 679 321.
ഫോൺ: 0493 282034, ഇ-മെയിൽ: bdomkdmpker@gmail.com

**'ഭരണഭാഷ-മാതൃഭാഷ'**

നമ്പർ. ഡി- 694/2021.

തീയ്യതി: 29/04/2021

പ്രേഷകൻ,

സെക്രട്ടറി,
മങ്കട ബ്ലോക്ക് പഞ്ചായത്ത്.

സ്വീകർത്താവ്,

പ്രിൻസിപ്പാൾ
ജംസ് ആർട്സ് & സയൻസ് കോളേജ്
രാമപുരം.

വിഷയം:- മങ്കട ബ്ലോക്ക് പഞ്ചായത്ത് - കോവിഡ് 19 രോഗ പ്രതിരോധ പ്രവർത്തനങ്ങൾ-ഡോമിസിലിയറി കോവിഡ് കെയർ സെന്റർ(ഡി.സി.സി) ആരംഭിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ചെയർമാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & മലപ്പുറം ജില്ലാ കലക്ടറുടെ 17/04/2021 തിയ്യതിലെ ഡിസിഎംപിഎം 4328/2021 ഡിഎം നമ്പർ ഉത്തരവ്

2) 20/04/2021 ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ ചേർന്ന ബ്ലോക്ക് തല സമിതി തീരുമാനം

**********

കോവിഡ് -19 രോഗവ്യാപനം ഗണ്യമായി ഉയരുന്ന പശ്ചാത്തലത്തിൽ കോവിഡ് പോസിറ്റീവായി വരുന്ന വ്യക്തികളിൽ ഹോം ഐസൊലേഷൻ സൗകര്യങ്ങളില്ലാത്ത രോഗികളെ താമസിപ്പിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ ചുരുങ്ങിയത് ഒരു ഡൊമിസിലിയറി കോവിഡ് കെയർ സെന്ററെ(ഡി.സി.സി)ങ്കിലും ആരംഭിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത്. സെക്രട്ടറിയെ ചുമതലപ്പെടുത്തി സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. രാമപുരം ജംസ് ആർട്സ് & സയൻസ് കോളേജിന്റെ

വനിതാ ഹോസ്റ്റൽ ഈ ബ്ലോക്ക് തലത്തിലെ ആദ്യത്തെ ഡിസിസിയാ ആരംഭിക്കുന്നതിന് സൂചന 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

മേൽ സാഹചര്യങ്ങളിൽ കോവിഡ് 19 മഹാമാരിയുടെ തുടക്കം മാത്ര താങ്കളുടെ സ്ഥാപനം വിട്ട് തന്ന് സഹകരിച്ചത് പോലെ ഈ നിർണായകഘട്ടത്തി താങ്കളുടെ സ്ഥാപനം ഡിസിസി ആരംഭിക്കുന്നതിനായി വിട്ടുതരണമെ അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി,
മങ്കട ബ്ലോക്ക് പഞ്ചായത്ത്

ഉള്ളടക്കം: ഉത്തരവ്

# PROGRAM REPORT

## COVID CARE CENTRE-TO CONTROL AND MANAGE THE COVID-19 PANDEMIC

## 01.05.2021

The decision by Mankada Block Panchayath to request GEMS Arts and Science College to establish a domiciliary COVID care centre is a significant step in the ongoing efforts to control and manage the COVID-19 pandemic. COVID care centre was established at the institution during May 2021. Such a centre can play a crucial role in providing care and support to individuals who have tested positive for COVID-19 but may not require hospitalization, thereby easing the burden on healthcare facilities. This initiative aligns with the directives issued by the Disaster Management Authority, which are designed to enhance the response to the pandemic. The establishment of a domiciliary COVID care centre within the college demonstrates the importance of community collaboration during these challenging times. It signifies the readiness of educational institutions and local authorities to come together and respond to the needs of the community during a health crisis. This initiative not only provides a facility for those in need but also showcases a collective commitment to controlling the spread of the virus and ensuring that those affected receive appropriate care and support. Furthermore, it's a testament to the adaptability and flexibility of educational institutions like GEMS Arts and Science College in addressing the evolving needs of society. In times of crisis, such institutions can play a pivotal role beyond traditional education, contributing to public health and community welfare. This endeavor illustrates the resilience and solidarity of communities in the face of adversity and underscores the importance of following guidelines and orders issued by relevant authorities to mitigate the impact of the COVID-19 pandemic.

GEMS ARTS & SCIENCE COLLEGE
RAMAPURAM
MALAPPURAM DT.
Date.....................
P.O. KADUNGAPURAM


Dr. NAVEEN MOHAN
PRINCIPAL
GEMS ARTS AND SCIENCE COLLEGE
KADUNGAPURAM (PO), RAMAPURAM
MALAPPURAM DT., KERALA-679 321

**Photographs**

## COVID CARE CENTRE-01/05/2021



## COVID CARE CENTRE- 01/05/2021



GEMS ARTS & SCIENCE COLLEGE
RAMAPURAM
MALAPPURAM DT.
Date..................
P.O. KADUNGAPURAM

Dr. NAVEEN MOHAN
PRINCIPAL
GEMS ARTS AND SCIENCE COLLEGE
KADUNGAPURAM (PO), RAMAPURAM
MALAPPURAM DT., KERALA-679 321

ജില്ലാ കളക്ടറേറ്റ്, മലപ്പുറം
സിവിൽ സ്റ്റേഷൻ ,പിൻ:676505
ഫോൺ : 0483 2734922, ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

ഭരണഭാഷ–മാതൃഭാഷ

## നടപടിക്രമം

**<u>ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി & ജില്ലാ കളക്ടർ, മലപ്പുറം</u>**
(ഹാജർ :- കെ ഗോപാലകൃഷ്ണൻ, ഐ.എ.എസ്)

വിഷയം:- കൊവിഡ് 19 – രോഗപ്രതിരോധ പ്രവർത്തനങ്ങൾ –Domiciliary Covid Care Centre (DCC) ആരംഭിക്കുന്നത് – വിവിധ വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- ജില്ലാ മെഡിക്കൽ ഓഫീസറുടെയും(ആരോഗ്യം) , നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രൊജക്റ്റ് മാനേജരുടെയും 17.04.2021 തീയതിയിലെ കുറിപ്പ്.

**ഉത്തരവ് നമ്പർ : DCMPM/4328/2021-DM1** തിയ്യതി :17/04/2021

കൊവിഡ് 19 രോഗവ്യാപനം ഗണ്യമായി ഉയരുന്ന പശ്ചാത്തലത്തിൽ ലക്ഷണങ്ങളില്ലാതെ പോസിറ്റീവായി വരുന്ന വ്യക്തികളിൽ ഹോം ഐസോലേഷൻ സൗകര്യങ്ങളില്ലാത്ത രോഗികളെ താമസിപ്പിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ Domiciliary Covid Care Centre (DCC) ആരംഭിക്കുന്നതിന് നിർദ്ദേശങ്ങൾ ലഭ്യമായിട്ടുള്ളതാണ്

ഈ സാഹചര്യത്തിൽ ജില്ലയിലെ രോഗനിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി Domiciliary Covid Care Centre (DCC) അടിയന്തിരമായി ആരംഭിക്കേണ്ടത് അനിവാര്യമാണെന്നുള്ളതിനാൽ ജില്ലയിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത്, നഗരസഭാ തലത്തിൽ ഓരോ സെന്ററുകൾ ആരംഭിക്കാവുന്നതാണെന്ന് കാണുന്നു.

പ്രസ്തുത സാഹചര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ 2005 ലെ ദുരന്തനിവാരണ നിയമം 26(2), 30(2), (5),34 എന്നിവ പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ജില്ലയിൽ ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ തലത്തിൽ ആരംഭിക്കുന്ന Domiciliary Covid Care Centre (DCC) കളുടെ സുഗമമായ നടത്തിപ്പിനായി താഴെ പറയുന്ന പ്രകാരം വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകി ഇതിനാൽ ഉത്തരവാകുന്നു.

1. <u>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ , നഗരസഭാ സെക്രട്ടറിമാർ</u> :- ഓരോ ബ്ലോക്ക് / നഗരസഭ കളുടെ കീഴിൽ ഒരു സെന്ററെങ്കിലും അടിയന്തിരമായി ആരംഭിക്കേണ്ടതാണ്. ആയതിനുള്ള ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്. ഓരോ സെന്ററിന്റെയും ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ സെന്ററിനും ഒരു നോഡൽ ഓഫീസറെ നിയോഗിക്കേണ്ടതാണ്. അതോടൊപ്പം വിദ്യാഭ്യാസ ഉപഡയറക്ടർ അനുവദിച്ച് നൽകുന്ന അദ്ധ്യാപകരെ സെന്ററിന്റെ നടത്തിപ്പിനായി 24 മണിക്കൂറും സേവനം ലഭിക്കുന്ന തരത്തിൽ ജോലി ക്രമീകരണം നടത്തേണ്ടതാണ്.

2. <u>ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം</u> :- ഓരോ സെന്ററുകളിലേക്കും ആവശ്യമായ നഴ്സുമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും സേവനം ഉറപ്പുവരുത്തേണ്ടതാണ്.

3. <u>വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം</u> :- ഓരോ സെന്ററുകളിലേക്കും 20 അദ്ധ്യാപകരെ വീതം ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി / നഗരസഭാ സെക്രട്ടറിമാർക്ക് ലിസ്റ്റ് നൽകേണ്ടതാണ്.

ഇത്തരം സെന്ററുകളിൽ പ്രവേശിക്കുന്നവരുടെ ഭക്ഷണം രോഗിയുടെ വീട്ടിൽ നിന്നു തന്നെ എത്തിക്കേണ്ടതാണ്. ആയതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം ചെലവ് വഹിക്കേണ്ടതില്ല.

Signature Not Verified
Digitally signed by K GOPALAKRISHNAN IAS
Date: 2021.04.17 20:15:25 IST
Reason: Approved

K.GOPALAKRISHNAN IAS, DC DCMPM, O/O DC DCMPM
ചെയർമാൻ & ജില്ലാ കളക്ടർ

സ്വീകർത്താവ്

1. ജില്ലാ മെഡിക്കൽ ഓഫീസർ, മലപ്പുറം
2. ജില്ലാ പ്രൊജക്ട് മാനേജർ, എൻ.എച്ച്.എം, മലപ്പുറം
3. വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
4. ജില്ലയിലെ മുഴുവൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
5. ജില്ലയിലെ മുഴുവൻ നഗരസഭാ സെക്രട്ടറിമാർക്കും
6. ജില്ലാ ഇൻഫർമേഷൻ ഓഫീസർ,മലപ്പുറം( പത്ര-ദൃശ്യ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)